എടുത്തിട്ടുള്ളതും കടിശ്ശികയായതുമായ 4 വായ്പാ പദ്ധതികൾ പ്രകാരമുള്ള വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും കോർപ്പറേഷന് 1233.66 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തു.

ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതി തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതിയിൽപ്പെട്ടവർ എടുത്തിട്ടുള്ള വായ്പകൾ

298 (996) ശ്രീ. എസ്. ശർമ്മ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങളിൽനിന്നും, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ള ഒരുലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നോ ;

(ബി) അതിനായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയായിരുന്നു ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഇതുവരെ എത്ര പേർക്ക് ലഭിച്ചെന്നും അതിനായി എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതി മിഷൻ 676-ൽ ഉൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി&സി) മിഷൻ 676-ൽ ഉൾപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതിയായതിനാൽ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകമായി തുക നീക്കി വച്ചിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly